LIBRARY ARCHIVES Kerala Legislative Assembly

പഴമള്ളൂർ സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി

174(2530) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ പഴമള്ളൂർ ജി.എൽ.പി.സ്കൂളിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന പ്രവൃത്തികൾ, റീട്ടെയ്നിംഗ് വാൾ, മുറ്റം എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൻ പ്രകാരം ഭരണാനുമതി ലഭിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ഇതിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

&

(സി) പ്രസ്തുത സ്കൂളിന്റെ അവശേഷിക്കുന്ന എല്ലാ നിർമ്മാണപ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണത്തിനായി പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ അദ്ധ്യാപകർക്കായി ഗവേഷണ പരിപാടി

175(2531) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അദ്ധ്യാപകരിൽ ഗവേഷണതല്പരത വളർത്തുവാൻ സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ നടത്തുന്ന പരിപാടിയുടെ ഭാഗമായി 2019-20 വർഷം പൊതു വിദ്യാഭ്യാസ വകുപ്പിലെ എത്ര അദ്ധ്യാപകർ ഗവേഷണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഏതൊക്കെ മേഖലകളിലാണ് ഗവേഷണം നടത്തിയതെന്നും വ്യക്തമാക്കുമോ?

അദ്ധ്യാപക പരിശീലന മൊഡ്യൂളിൽ ഗവേഷണം ഉൾപ്പെടുത്തിയിട്ടുണ്ട്. ഗവേഷണം പൂർത്തീകരിച്ച അദ്ധ്യാപകരുടെ എണ്ണവും വിശദാംശങ്ങളും ശേഖരിച്ചുവരുന്നു.

ആലത്തൂർ മണ്ഡലത്തിലെ ചലഞ്ച് ഫണ്ട്

176(2532) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഏതെല്ലാം സ്കൂളുകൾക്കാണ് ചലഞ്ച് ഫണ്ട് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ സെന്റ് മേരീസ് എൽ.പി. സ്കൂൾ, മംഗലഗിരി, പാലക്കാടിനാണ് ചലഞ്ച് ഫണ്ട് മുഖേന 25 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളത്.

(ബി) ഓരോ സ്കൂളുകളുടേയും നിർമ്മാണപ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്നു.

ചലഞ്ച് ഫണ്ട് വിനിയോഗം

177(2533) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളാണ് ചലഞ്ച് ഫണ്ട് വിനിയോഗിച്ചതെന്ന വിവരം ജില്ല തിരിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് 64 സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് അനുവദിച്ചിട്ടുണ്ട്. സ്കൂളുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ബി) ചലഞ്ച് ഫണ്ടിന്റെ ഘടനയിലും മാനദണ്ഡങ്ങളിലും മാറ്റം വരുത്തി സ്കൂളുകൾക്ക് പ്രായോഗിക ഗ്രാണപര ഫണ്ടാക്കി മാറ്റുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഘടനാമാറ്റം വിശദമാക്കാമോ?

ചലഞ്ച് ഫണ്ടിന്റെ നിലവിലെ ഘടനയും മാനദണ്ഡങ്ങളും സ്കൂളുകൾക്ക് പ്രായോഗികമായി ഗ്രാണപരമാണ്. ആയതിനാൽ ആയത് മാറ്റുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

ചലഞ്ച് ഫണ്ട്

178(2534) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ കോട്ടയം ജില്ലയിലെ ഏതെല്ലാം എയ്ഡഡ് സ്കൂളുകളാണ് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോട്ടയം ജില്ലയിൽനിന്നും ചലഞ്ച് ഫണ്ട് ലഭ്യമാക്കുന്നതിനായി അപേക്ഷ നൽകിയ 6 സ്കൂളുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly